# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6272** **08/07/2014-ൽ മറുപടിയ്ക്ക്**

### കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം

| **ചോദ്യം**<br>**ശ്രീ. തോമസ് ചാണ്ടി:** | **മറുപടി**<br>**ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
|---|---|
| (എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ മുഖേന നൽകിയ തുക വിനിയോഗിച്ച് കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം (ഫിഷ് സാങ്ച്വറി) സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് കായൽ പ്രദേശത്ത് മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി വാങ്ങുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിനും കേരള തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സങ്കേതം സ്ഥാപിക്കുന്നതിന് ആവശ്യമായ ആദ്യഗഡു തുക തീരദേശ വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ